**ക്രമപ്രശ്നം**

2021-22-ലെ സാമ്പത്തിക അവലോകനം
സമർപ്പിക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയും സാമൂഹ്യ വികസനവും സംബന്ധിച്ചുള്ള ശാസ്ത്രീയ അപഗ്രഥനം നടത്തി അതിന്റെ ഇൻഡിക്കേറ്റേഴ്സെല്ലാം കൃത്യമായി മെൻഷൻ ചെയ്ത് ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന ഒരു പ്രധാനപ്പെട്ട ഡോക്യുമെന്റാണ് ഇക്കണോമിക് റിവ്യൂ. ഇതിനുമുമ്പ് സാധാരണയായി ഇത് സഭയിൽ അവതരിപ്പിക്കുകയോ സഭയില്ലാത്തപക്ഷം അംഗങ്ങൾക്ക് നേരിട്ട് എത്തിക്കുകയോ ചെയ്യുന്ന ഒരു സംവിധാനമാണുണ്ടായിരുന്നത്. ഇക്കണോമിക് റിവ്യൂവിലെ വിവരങ്ങളെ അടിസ്ഥാനമാക്കി ബഡ്ജറ്റിനെ വിശകലനം ചെയ്യുമ്പോഴാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിക്കുന്ന നയസമീപനങ്ങളെയും അതിന്റെ പ്രയോറിറ്റീസിനെയുംകുറിച്ച് മുൻകൂട്ടി ധാരണയോടുകൂടി ചർച്ച ചെയ്യാൻ കഴിയാറുള്ളത്. ഇതുസംബന്ധിച്ച് കൗൾ & ശക്ധർ, Practice and procedure of Parliament-ൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട് - "The Economic Survey, which is an indicator of the health of national economy, is laid on the Table one day in advance. This, being an

important document is widely circulated."  1996 ജൂലൈ 19-ന് ഇവിടെ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നൽകിയിട്ടുള്ളത് ഇത് അംഗങ്ങൾക്ക് മുൻകൂട്ടി വിതരണം നടത്തുന്നതിനുള്ള സംവിധാനം ചെയ്യണം എന്നുള്ളത് തന്നെയാണ്. 2003, 2004, 2012 വർഷങ്ങളിൽ തലേദിവസം സഭ സമ്മേളിക്കാത്ത സാഹചര്യത്തിൽ ഇത് മുൻകൂട്ടി നേരത്തെതന്നെ വിതരണം ചെയ്തിട്ടുള്ളതാണ്. ഈ നടപടിയിലൂടെ സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതിയെക്കുറിച്ചും ബഡ്ജറ്റിലെ നയസമീപനങ്ങളെക്കുറിച്ചും പരിപാടികളുടെ മുൻഗണനകളെക്കുറിച്ചും ആരോഗ്യകരമായ ഒരു പ്രീ-ബഡ്ജറ്റ് ചർച്ച നടക്കാതെ പോയി. ഇനിമുതൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതെ, ബഡ്ജറ്റ് അവതരണത്തിനുമുമ്പ് ഒരു പ്രീ-ബഡ്ജറ്റ് ചർച്ച കേരള സമൂഹത്തിലുണ്ടാകുന്നതിനും അംഗങ്ങൾക്ക് അതനുസരിച്ച് ബഡ്ജറ്റിനെ നോക്കി കാണുന്നതിനുംവേണ്ടി ഇക്കണോമിക് റിവ്യൂ മുൻകൂട്ടി തന്നെ ലഭ്യമാക്കണമെന്ന് അങ്ങ് നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.